# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3531 — 30-01-2014-ലെ മറുപടിയ്ക്ക്

### സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സാജു പോൾ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന സമാഹൃത പത്രികകളിൽ നിന്ന് ഓരോ വകുപ്പിന്റെയും ഒരു മാസത്തെ പ്രവർത്തനത്തിന്റെ പ്രതിഫലനം ലഭ്യമാകും. വകുപ്പിന്റെ എല്ലാ തലത്തിലുമുള്ള നിർവ്വഹണത്തെ പ്രകടമാക്കുന്നതിനോടൊപ്പം വകുപ്പ് തലവന് പ്രസ്തുത വകുപ്പിലെ ഫയൽ നീക്കത്തെക്കുറിച്ചും, തീർപ്പാക്കലിനെക്കുറിച്ചും, പുരോഗതിയെക്കുറിച്ചും വ്യക്തമായ ചിത്രം ലഭിക്കുന്നതിനും തന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കഴിവ് തിട്ടപ്പെടുത്തുന്നതിനും സാധ്യമാകുന്നു. |
| (ബി) വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സിവിൽ സർവ്വീസ് മേഖലയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ ഘടന എന്തൊക്കെയാണ്; പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെ പൂർത്തിയാക്കി എന്ന് വിശദമാക്കാമോ? | (ബി) യും (സി) യും | സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സാധ്യതാ പഠനത്തിനായി ഒരു കമ്മിറ്റി 24.09.2013 തീയതിയിലെ സ.ഉ(ആർ. റ്റി)നം. 7725/2013/പൊ.ഭ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പഠനം പുരോഗമിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ